# ചമ്പാരൻ പ്രക്ഷോഭം
# തൊഴിലാളി മോചന ഇതിഹാസം

**ആർ. ചന്ദ്രശേഖരൻ**
INTUC സംസ്ഥാന പ്രസിഡന്റ്,

ഒരു ശതാബ്ദം പിന്നിട്ട ചമ്പാരൻ പ്രക്ഷോഭം നിശ്ചയദാർഢ്യത്തിന്റെയും, ഇന്ത്യൻ തൊഴിലാളി മോചനത്തിന്റെയും ഇതിഹാസ സമരചരിത്രമാണ്. 1773 ൽ അമേരിക്കയിലെ ബോസ്റ്റൺ തുറമുഖ തൊഴിലാളികൾ നടത്തിയ ബോസ്റ്റൺ ടീ പാർട്ടി പ്രക്ഷോഭം അമേരിക്കൻ സ്വാതന്ത്ര്യ സമരത്തിന് തുടക്കം കുറിച്ചതുപോലെ 450 വർഷത്തെ വൈദേശീക ഭരണത്തിനെതിരെ മഹാത്മഗാന്ധി നയിച്ച ഇന്ത്യൻ സ്വാതന്ത്ര്യ സമരം ചമ്പാരനിലെ കർഷക തൊഴിലാളി പ്രക്ഷോഭത്തിൽ നിന്നും ആരംഭിച്ചു.

നീലം ഉൽപാദനവും അതിന്റെ വാണിജ്യ കയറ്റുമതിയുമായി ബന്ധപ്പെട്ടാണ് ഈ പ്രക്ഷോഭം ആരംഭിക്കുന്നത്. ബ്രിട്ടണിലെ തുണിമില്ലുകളിൽ ഉൽപാദിപ്പിക്കുന്ന തുണികൾക്ക് വെള്ള നിറം ലഭിക്കാൻ നീലം അനിവാര്യമായിരുന്നു. നീലം കൃഷിയ്ക്ക് ഏറ്റവും അനുയോജ്യമായ സ്ഥലമായിരുന്നു ബീഹാറിലെ ചമ്പാരൻ ജില്ല. ഗുണമേന്മയിൽ ഉന്നതനിലവാരം പുലർത്തിയിരുന്ന ഇവിടുത്തെ നീലം ബ്രിട്ടീഷുകാർ വ്യാപകമായി കയറ്റുമതി ചെയ്തിരുന്നു.

കഠിനമായ ജോലി, തുച്ഛമായ കൂലി, മൃഗീയപീഢനം ഇതായിരുന്നു ബ്രിട്ടീഷ് മുതലാളിമാരുടെയും, സെമീന്ദാർമാരുടെയും, ഇടനിലക്കാരുടെയും സമീപനം. ഭരണകൂടത്തിന്റെ ഭാഗമായ ഉദ്യോഗസ്ഥ മേലാളന്മാരും ഇവരോടൊപ്പം അണിനിരന്നു. വിശപ്പടക്കുവാനുള്ള ഭക്ഷ്യധാന്യങ്ങൾ പോലും കൃഷി ചെയ്യാൻ ഭൂമി പാട്ടത്തിനെടുത്ത തൊഴിലാളികളെ അനുവദിച്ചിരുന്നില്ല. ഏതവസരത്തിലും നീലം തന്നെ കൃഷി ചെയ്യണമെന്ന് മുതലാളിമാർ ശഠിച്ചു. പാട്ടതുകയും, ഭൂകരവും യാതൊരു മാനദണ്ഡങ്ങളും ഇല്ലാതെ വർദ്ധിപ്പിക്കുകയും ഈടാക്കാക്കുകയും ചെയ്തു വന്നു. ചുരുക്കത്തിൽ മനുഷ്യ ജീവിതം അടിമകൾക്ക് സമാനമായിരുന്നു.

പൊറുതിമുട്ടിയ തൊഴിലാളികളും, പാട്ടക്കാരും 1914-15 വർഷങ്ങളിൽ സ്വയം സംഘടിതരായി ചില പ്രക്ഷോഭങ്ങൾ നടത്തിയെങ്കിലും ഭരണക്കൂടവും, ജന്മിമാരും, മുതലാളിമാരും ചേർന്ന് അതിനെയെല്ലാം അടിച്ചമർത്തി.

## ഗാന്ധിജിയുടെ ഇടപെടൽ

1916 ഡിസംബർ 26 ന് ഉത്തർപ്രദേശിലെ ലക്നൗവിൽ നടന്ന എ.ഐ.സി.സി. സംമ്മേളനം മറ്റെല്ലാ വിഷയങ്ങളിലും എന്നപോലെ ചമ്പാരൻ വിഷയത്തിലും കമ്മീഷനെ നിയമിക്കണം എന്ന പതിവ് പ്രമേയം പാസ്സാക്കി പിരിഞ്ഞു. 1915 ജനുവരി 9 ന് ദക്ഷിണാഫ്രിക്കയിൽ നിന്നും ഇന്ത്യയിൽ തിരിച്ചെത്തിയ ഗാന്ധിജിയും, ഈ കോൺഗ്രസ്സ് സമ്മേളനത്തിൽ പങ്കെടുത്തിരുന്നു. ചമ്പാരനിൽ നിന്നുള്ള കോൺഗ്രസ്സ് അംഗം രാജ്കുമാർ ശുക്ള തൊഴിലാളി പീഢനം സംബന്ധിച്ച് ഗാന്ധിജിയോട് വിവരിച്ചു. ചമ്പാരൻ സന്ദർശിക്കണമെന്ന് അഭ്യർത്ഥിച്ചു. തനിക്ക് പരിചയം ഇല്ലാത്ത സ്ഥലവും, വിഷയവുമാണെന്ന് പറഞ്ഞ് ആദ്യം അഭ്യർത്ഥന നിരസിച്ച ഗാന്ധിജി സമ്മർദത്തിന് വഴങ്ങി സന്ദർശനത്തിന് സമ്മതിച്ചു.

1917 ഏപ്രിൽ 9 ന് ചമ്പാരനിലേയ്ക്ക് തിരിച്ച ഗാന്ധിജി പിറ്റേദിവസം തൊട്ടടുത്ത ജില്ലയായ മുസഫർപൂരിലെത്തി. തോട്ടം ഉടമകളുടെ സംഘടനയായ പ്ലാന്റേഴ്സ്

അസോസ്സിയേഷൻ സെക്രട്ടറി ജെ.എം. വിൽസനെ നേരിൽ സമീപിച്ച് തൊഴിലാളി വിഷയങ്ങൾ ചർച്ച ചെയ്തു. "താങ്കളുടെ ആവശ്യം ഇവിടെയില്ല. താങ്കൾ ഇവിടം വിട്ടു പോകണം" വിൽസൺ ഗാന്ധിജിയോടാവശ്യപ്പെട്ടു. എന്നാൽ ഏപ്രിൽ 13 ന് ചമ്പാരൻ ഭരണാധികാരിയായ കമ്മീഷണറെയും, കളക്ടറെയും ഗാന്ധിജി സന്ദർശിച്ചു. താങ്കളുടെ ഒരു സേവനവും ഇവിടെ ആവശ്യമില്ല. കാര്യങ്ങളെല്ലാം സർക്കാർ ചെയ്തുകൊള്ളും. ഉടനെ ഇവിടം വിട്ട് പോകണം. അവരുടെ നിലപാടും ഇതായിരുന്നു. "ഞാൻ ഇവിടെ വേണമെന്ന് തൊഴിലാളികളും, പാട്ടക്കാരും ആവശ്യപ്പെടുന്നു. അതിനാൽ തിരികെ പോകില്ല". ഗാന്ധിജിയുടെ തീരുമാനവും ശബ്ദവും അവർക്ക് മുന്നിൽ ദൃഢമായിരുന്നു.

ഗാന്ധിജിയുടെ വരവും, ഇടപെടലും കേട്ടറിഞ്ഞ് എത്തിയ നൂറുകണക്കിന് തൊഴിലാളികളും, പാട്ടക്കാരും അദ്ദേഹത്തോട് തങ്ങളുടെ ജീവിത പ്രയാസങ്ങൾ വിവരിച്ചു. ഏപ്രിൽ 15 ന് ചമ്പാരൻ ജില്ലയുടെ തലസ്ഥാനമായ മോത്തിഹാരിയിലേക്ക് പുറപ്പെട്ട ഗാന്ധിജി, വൈകുന്നേരം 3 മണിയോട് കൂടി മോത്തിഹാരി റെയിൽവെ സ്റ്റേഷനിൽ എത്തി. അദ്ദേഹത്തെ കാണാൻ വൻജനാവലി സ്റ്റേഷനിൽ തടിച്ചു കൂടിയിരുന്നു.

പിറ്റേദിവസം "ജാസുലിപട്ടി" എന്ന ഗ്രാമത്തിലേയ്ക്ക് പുറപ്പെട്ട ഗാന്ധിജിയെ യാത്രമദ്ധ്യേ ഡെപ്യൂട്ടി പോലീസ് മേധാവി തടഞ്ഞു നിർത്തി അദ്ദേഹത്തിന്റെ വാഹനത്തിൽ കയറ്റി. പോലീസ് നിയമം 144 പ്രകാരം നടപടിയെടുക്കണമെന്ന് ആവശ്യപ്പെട്ട് കമ്മീഷണർ ജില്ലാ മജിസ്ട്രേറ്റിനെഴുതിയ കത്തും, ഇതനുസരിച്ച്, തൊട്ടടുത്ത് ലഭിക്കുന്ന ട്രെയിനിൽ ചമ്പാരൻ വിട്ടുപോകുവാൻ ജില്ലാ മജിസ്ട്രേറ്റ് W.B. ഹെയ്കോക്ക് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവും ഗാന്ധിജിക്ക് കൈമാറി. "ഞാൻ തിരിച്ചു പോകരുതെന്ന് എന്റെ മനസ്സ് പറയുന്നു. അധികാരികളെ സന്തോഷിപ്പിക്കാനായി ഞാൻ തിരിച്ച് പോകില്ല. താങ്കളുടെ ഉത്തരവ് ലംഘിക്കുന്നതിനുള്ള ശിക്ഷ അനുഭവിക്കാൻ ഞാൻ തയ്യാറാണ്". മജിസ്ട്രേറ്റിന് എഴുതിയ മറുപടിയിൽ ഗാന്ധിജി വ്യക്തമാക്കി. ഈ മറുപടിക്ക് പിന്നാലെ ഐ.പി.സി. 144 പ്രകാരമുള്ള കുറ്റങ്ങൾ ആരോപിച്ച് സമൻസ് നൽകി ഗാന്ധിജിയെ വീട്ടുതടങ്കലിലാക്കി. ഏപ്രിൽ 18 ന് സബ്ഡിവിഷണൽ മജിസ്ട്രേറ്റിന് മുമ്പിൽ ഹാജരാകണമെന്നും സമൻസിൽ രേഖപ്പെടുത്തിയിരുന്നു.

ഏപ്രിൽ 18 ന് കോടതിയിലേയ്ക്ക് പോകുന്ന വഴി തന്നോടൊപ്പം ഉള്ളവരോട് അദ്ദേഹം പറഞ്ഞു. "ഇതിൽ നമ്മൾ വിജയിക്കും". നിശ്ചയ ദാർഢ്യത്തിന്റെതായിരുന്നു ഈ വാക്കുകൾ. ഗാന്ധിജി കോടതിയിൽ എത്തുമ്പോൾ കോടതി പരിസരത്ത് നൂറുക്കണക്കിന് തൊഴിലാളികൾ നിലയുറപ്പിച്ചിരുന്നു. കോടതി അക്രമിക്കപ്പെടുമെന്ന് ഭയന്ന് കൂടുതൽ പോലീസിനെ വിന്യസിപ്പിച്ച് സുരക്ഷ ഉറപ്പ് വരുത്തിയ ശേഷമാണ് മജിസ്ട്രേറ്റ് നടപടികൾ ആരംഭിച്ചത്.

കോടതി മുറിയിലേയ്ക്ക് കടന്ന ഗാന്ധിജിക്ക് മുമ്പിൽ കെട്ടുകണക്കിന് നിയമ പുസ്തകങ്ങളുമായി സർക്കാർ അഭിഭാഷകൻ ഹാജരായി. പ്രഗൽഭ അഭിഭാഷകൻ ആയ ഗാന്ധിജിക്കെതിരെയാണ് താൻ വാദിക്കാൻ പോകുന്നത് എന്നത് സർക്കാർ അഭിഭാഷകനെ അസ്വസ്തനാക്കി.

കുറ്റപത്രം വായിക്കപ്പെട്ടു. ഗാന്ധിജിയുടെ ഇവിടുത്തെ സന്ദർശനം കലാപത്തിനും, കൊലപാതകത്തിനും ഇടവരുത്തും അതിനാൽ ചമ്പാരൻ വിട്ടു പോകാനുള്ള ഉത്തരവ് ലംഘിച്ച ഇദ്ദേഹത്തെ ശിക്ഷിക്കണം. സർക്കാർ അഭിഭാഷകൻ വാദിച്ചു. തനിക്ക്

വാദിക്കുവാൻ അഭിഭാഷകരില്ല. എനിക്ക് പറയുവാനുള്ളത് ഞാൻ തന്നെ പ്രസ്താവിക്കുവാൻ ആഗ്രഹിക്കുന്നു എന്ന് പറഞ്ഞ് ഗാന്ധിജി മുൻക്കൂട്ടി തയ്യാറാക്കിയ പ്രസ്താവന കോടതിയിൽ വായിച്ചു.

‘‘പോലീസ് നിയമം 144 പ്രകാരമുള്ള നിയമലംഘനം നടത്തിയെന്നത് ശരിയാണ്. മനുഷ്യത്വപരമായ തൊഴിലാളി സേവനത്തിനാണ് ഞാൻ ഇവിടെ വന്നത്. തോട്ടം ഉടമകൾ തൊഴിലാളികളെയും, പാട്ടക്കാരെയും പീഡിപ്പിക്കുന്നു. പാട്ടതുകയും, പാട്ടകരവും, ക്രമാതീതമായി വർദ്ധിപ്പിക്കുന്നു. ഭക്ഷ്യധാന്യങ്ങൾ കൃഷിചെയ്യാൻ അനുവദിക്കുന്നില്ല. തൊഴിലാളികളും, പാട്ടക്കാരും കൊടും പട്ടിണിയിലാണ്. സർക്കാർ ഉദ്യോഗസ്ഥർ പൂർണ്ണമായും തോട്ടം ഉടമകളോടൊപ്പം നിൽക്കുന്നു. ഇത് മനുഷ്യത്വ രഹിതമാണ്. ഇതിന് പരിഹാരമായി എന്റെ ദൗത്യം പൂർത്തീകരിക്കാതെ ഞാൻ മടങ്ങില്ല. മടങ്ങി പോകണമെന്ന ഉത്തരവ് അനുസരിക്കാതിരിക്കുന്നത് അതിനേക്കാൾ വലിയ ഉത്തരവ് എന്റെ മനസ്സിൽ നിന്നും വരുന്നതിനാലാണ്’’. ഗാന്ധിജി അസന്നിഗ്ദമായി കോടതിയിൽ പ്രസ്താവിച്ചു.

താങ്കൾ ഇപ്പോൾ ചമ്പാരൻ വിട്ടുപോകാൻ തയ്യാറാണെന്ന് പറഞ്ഞാൽ ശിക്ഷയിൽ നിന്നും ഒഴിവാക്കാം എന്ന് പറഞ്ഞ മജിസ്ട്രേറ്റിന് മുമ്പിൽ “സാദ്ധ്യമല്ല-എന്നെ ജയിലിലടയ്ക്കാം, എന്നാൽ ജയിലിൽ നിന്നും മടങ്ങി വരുന്ന എന്റെ വാസസ്ഥലം ചമ്പാരൻ ആയിരിക്കും” എന്ന ഉറച്ച മറുപടിയാണ് ഗാന്ധിജി നൽകിയത്. വിധി പ്രസ്താവം മാറ്റി വച്ച മജിസ്ട്രേറ്റ് 3 മണിക്ക് കോടതി ചേർന്നപ്പോൾ കേസ് 21-ാം തീയതിയിലേയ്ക്ക് മാറ്റി. അതോടൊപ്പം 100 രൂപാ കെട്ടിവച്ച് ഗാന്ധിജിയെ ജാമ്യത്തിൽ വിടാനും ഉത്തരവിട്ടു.

“എന്റെ കൈയ്യിൽ പണം ഇല്ല. ജാമ്യം നിൽക്കാൻ ആരും ഇല്ല. നിങ്ങൾക്ക് എന്നെ എന്തുവേണമെങ്കിലും ചെയ്യാം” ഗാന്ധിജിയുടെ പ്രതികരണം ഇതായിരുന്നു. ആയിരക്കണക്കിനാളുകൾ എന്തിനും തയ്യാറായി. കോടതിക്ക് പുറത്ത് നിലയുറപ്പിച്ചിരിക്കുമ്പോഴാണ് ഈ പ്രസ്ഥാവന ഗാന്ധിജി നടത്തിയത്. ആശയക്കുഴപ്പത്തിലായ മജിസ്ട്രേറ്റ് ആദ്യ ഉത്തരവ് ഭേദഗതി ചെയ്ത് ഗാന്ധിജിയെ ജാമ്യമില്ലാതെ പോകാൻ ഉത്തരവിട്ടു. ചമ്പാരൻ വിഷയത്തിൽ ഗാന്ധിജിയുടെ ആദ്യവിജയദിനമാണ് ഏപ്രിൽ 18. കോടതിയിൽ നിന്നും പുറത്തിറങ്ങിയ ഗാന്ധിജി തന്നോടൊപ്പം യാത്ര ചെയ്ത ഡോ: രാജേന്ദ്ര പ്രസാദിനോടും, ജെ. ബി. കൃപലാനിയോടും ഇപ്രകാരം പറഞ്ഞു:- **WE WILL WIN. WE WILL GET THE FREEDOM ( നമ്മൾ വിജയിക്കും - നമുക്ക് സ്വാതന്ത്ര്യം ലഭിക്കും).** ഇന്ത്യൻ ജനതയുടെ സ്വാതന്ത്ര്യം സംബന്ധിച്ച ഗാന്ധിജിയുടെ ആദ്യവാക്കുകളായിരുന്നു ഇത്.

ഗാന്ധിജിയ്ക്കെതിരെയുള്ള കേസ്സും, അദ്ദേഹത്തിന്റെ ദൃഢനിശ്ചയത്തോടെയുള്ള നിലപാടും, അതിലൂടെ ഉടലെടുക്കുന്ന വൻപ്രതിഷേധവും, വിലയിരുത്തിയ സർക്കാർ, 1917 ഏപ്രിൽ 20 ന് വൈകുന്നേരം 7 മണിക്ക് ഗാന്ധിജിയ്ക്കെതിരെയുള്ള എല്ലാ കേസ്സുകളും പിൻവലിച്ച് ഉത്തരവിറക്കി. ചമ്പാരനിലെ ഗ്രാമങ്ങൾ സന്ദർശിക്കുകയും, തൊഴിലാളികളെയും, പാട്ടക്കാരെയും കാണുകയും സംസാരിക്കുകയും ചെയ്യുന്ന ഗാന്ധിജിയുടെ പ്രവർത്തനങ്ങൾ തടയരുതെന്നും ഉത്തരവിൽ വ്യക്തമാക്കി.

തൊഴിലാളികളും പാട്ടക്കാരും വ്യാപകമായി ഗാന്ധിജിയ്ക്ക് മുമ്പിൽ പരാതി പറയാനും, തെളിവുകൾ കൊടുക്കാനും ഹാജരായി. മെയ് 12 വരെ നടന്ന തൊഴിലാളി സമ്പർക്കത്തിൽ 850 ഓളം ഗ്രാമങ്ങളിൽ നിന്നും, 60 ഓളം ഫാക്ടറികളിൽ നിന്നുമായി 8000ത്തോളം പേർ പരാതികളും, സങ്കടങ്ങളും ബോധിപ്പിച്ചു. ഇതെല്ലാം പഠിച്ച് തയ്യാറാക്കിയ സമഗ്രമായ നിവേദനം മെയ് 14 ന് ഗാന്ധിജി സർക്കാരിന് സമർപ്പിച്ചു. കോപ്പികൾ

എല്ലാ സർക്കാർ ഉദ്യോഗസ്ഥർക്കും, പ്ലാന്റേഴ്സ് അസോസ്സിയേഷൻ ഭാരവാഹികൾക്കും നൽകി.

നിവേദനത്തിലെ ഉള്ളടക്കത്തിൽ പരിഭ്രാന്തരായ തോട്ടം ഉടമകളും, ഇടനിലക്കാരും തൊഴിലാളികൾ ഭീകരരാണെന്ന് വരുത്തി തീർക്കാൻ ഗൂഢാലോചന നടത്തി. ഇതിന്റെ ഭാഗമായി മെയ് 14 ന് "ഒലഹ" എന്ന ഫാക്ടറിയും, മെയ് 18 ന് "ദോക്രിഹ" എന്ന ഫാക്ടറിയും മുതലാളിമാർ തന്നെ തീയിട്ട് അക്രമം സൃഷ്ടിച്ചു.

മെയ് 20 ന് ഗാന്ധിജി ജില്ലാ മജിസ്ട്രേറ്റ് "ഹെയ്കോക്ക്"ന് ഈ വിഷയവുമായി ബന്ധപ്പെട്ട് വിശദമായി കത്ത് എഴുതി. തോട്ടം ഉടമകളും, അവരുടെ ഇടനിലക്കാരും, തൊഴിലാളി ഭവനങ്ങൾ കൊള്ളയടിക്കുന്നു. എന്റെ മുന്നിൽ പരാതി പറഞ്ഞവരെ മർദ്ദിക്കുന്നു. വധിക്കുമെന്ന് ഭീഷണിപ്പെടുത്തുന്നു. മുതലാളിമാർ തന്നെ അക്രമവും തീ വെയ്പും നടത്തി തൊഴിലാളികളെ കേസ്സിൽ പ്രതികളാക്കുന്നു. ഉദ്യോഗസ്ഥർ മുതലാളിമാരോടൊപ്പം നിൽക്കുന്നു. നീതി ലഭിക്കുന്നില്ല. മനുഷ്യത്വം ഹനിക്കപ്പെടുന്നു. ഈ കാര്യങ്ങളിൽ വ്യക്തമായ തെളിവ് ഹാജരാക്കാൻ എനിക്ക് കഴിയും. ഇത്തരം നടപടികൾക്കെതിരെ അടിയന്തിര നടപടികൾ സ്വീകരിക്കുന്നില്ലെങ്കിൽ അതിന്റെ ഭവിഷത്ത് ഗുരുതരമായിരിക്കും ഗാന്ധിജി കത്തിലൂടെ മുന്നറിയിപ്പ് നൽകി.

ഗാന്ധിജിയുടെ ഈ നീക്കത്തിനെതിരെ തോട്ടം ഉടമകളും, ഉദ്യോഗസ്ഥരും വ്യാപക മായി പ്രതിഷേധിച്ചു. അവർ വ്യാജ പരാതികളും, റിപ്പോർട്ടുകളും നിർമ്മിച്ച് ഗവർണർക്ക് സമർപ്പിച്ചു. ഗാന്ധിജിയെ ഒരു അക്രമകാരിയും, ബ്രിട്ടീഷ് വിരുദ്ധനുമായി ചിത്രീകരിച്ചു.

പരാതികളുടെ അടിസ്ഥാനത്തിൽ ഗവർണർ "സർ എഡ്വേഡ് ഗെയ്റ്റ്"നു മുമ്പിൽ ജൂൺ 4 ന് ഹാജരാകുവാൻ ഗാന്ധിജിയ്ക്ക് സമൻസ് നൽകപ്പെട്ടു. ഗാന്ധിജിയ്ക്കെതിരെ കടുത്ത നടപടികൾ പ്രതീക്ഷിച്ച് തൊഴിലാളികളും മറ്റ് നേതാക്കളും വളരെ രഹസ്യമായി പല മുൻകരുതലുകളും എടുത്തിരുന്നു. ഗവർണറെ സ്വാധീനിക്കാൻ മുതലാളിമാർ പലമാർഗ്ഗങ്ങളും സ്വീകരിച്ചു. ഗാന്ധിജിയെ എത്രയും വേഗം ചമ്പാരനിൽ നിന്നും പുറത്തു കടത്തണമെന്ന് യൂറോപ്യൻ ഡിഫൻസ് അസോസ്സിയേഷൻ പ്രമേയം പാസ്സാക്കി ഗവർണർക്ക് സമർപ്പിച്ചു. പത്ര-മാധ്യമങ്ങളിലൂടെ ഗാന്ധിജിയ്ക്കെതിരെ ലേഖനങ്ങൾ എഴുതിച്ചു. വൻഗൂഢാലോചനകൾ അരങ്ങേറി.

ജൂൺ 4 ന് ഗവർണറും ഗാന്ധിജിയും തമ്മിലുള്ള സംഭാഷണം ദീർഘ സമയം നടന്നു. തുടർച്ചയായി 5 -ാം തീയതിയും, 6 -ാം തീയതിയും സംഭാഷണം നടന്നു. ജൂൺ 6 ന് വൈകുന്നേരം ചമ്പാരൻ വിഷയത്തിൽ സർക്കാർതല അന്വേഷണ കമ്മീഷന് രൂപം കൊടുക്കാനും, ഗാന്ധിജിയെ കമ്മീഷനിലെ ഒരംഗമായി നിയമിക്കാനും തീരുമാനിച്ചു.

ജൂൺ 13 ന് ഔദ്യോഗികമായി അന്വേഷണ കമ്മീഷൻ പ്രഖ്യാപിക്കപ്പെട്ടു. കമ്മീഷണർ എഫ്.ജി. സ്ലേ അദ്ധ്യക്ഷനായ കമ്മീഷനിൽ നിയമകാര്യ മേധാവി എൽ.സി. അദാനി ഐ.സി.എസ്, നിയമസഭാംഗങ്ങളായ രാജഹരിഹരപ്രസാദ് നാരായണസിംഗ്, ഡി.ജെ. റെയ്ഡ്, ധനകാര്യ ഡെപ്യൂട്ടി സെക്രട്ടറി ജി. റെയ്നി, തൊഴിലാളികളെ പ്രതിനി ധീകരിച്ച് മോഹൻദാസ് കരംചന്ദ് ഗാന്ധി എന്നിവർ അംഗങ്ങളായി ആറംഗ കമ്മീഷനാണ് നിയമിക്കപ്പെട്ടത്. ഇ.എൽ. ടാണർ ഐ.സി.എസ്. കമ്മീഷൻ സെക്രട്ടറിയായും നിയമിക്കപ്പെട്ടു.

ജൂലൈ 15 മുതൽ തുടർച്ചയായി തെളിവെടുപ്പ് നടത്തിയ കമ്മീഷൻ നിശ്ചയിക്കപ്പെട്ട മൂന്ന് മാസകാലവധിക്കുള്ളിൽ ഒക്ടോബർ 4 ന് സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചു. റിപ്പോർട്ട് അംഗീകരിച്ച സർക്കാർ നവംബർ 29 ന് ചമ്പാരൻ കർഷക ബിൽ നിയമസഭയിൽ അവതരിപ്പിച്ചു. 5 മാസത്തെ ചർച്ചകൾക്കും വാദപ്രതി വാദങ്ങൾക്കും ശേഷം പാസ്സാക്കപ്പെട്ട ഈ ബിൽ 1918 മെയ് 1 ന് ഗവർണർ ജനറൽ ഒപ്പുവച്ചതോട് കൂടി **ചമ്പാരൻ കർഷക നിയമം – 1917** നിലവിൽ വന്നു.

ഗാന്ധിജി തന്റെ മനസ്സും, ശരീരവും പൂർണ്ണമായി സമർപ്പിച്ച് ഒരു വർഷവും പതിനൊന്ന് ദിവസവും നിരന്തരമായി പോരാടി കൈവരിച്ച ഈ നേട്ടം ഇന്ത്യൻ തൊഴിലാളി വർഗ്ഗത്തിനും, പാർശ്വവൽക്കരിക്കപ്പെട്ടവർക്കും എന്നും എക്കാലവും ആവേശം പകരും. പ്രത്യക്ഷമായും പരോക്ഷമായും മുപ്പത്തി മൂവായിരത്തോളം തൊഴിലാളികളും, പാട്ടക്കാരും ഈ പ്രക്ഷോഭത്തിൽ പങ്കെടുത്തു എന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്.

1918 മെയ് 24 ന് മോത്തിഹാരിയിലെ തന്റെ ആശ്രമത്തിന് ശിലാസ്ഥാപനം നടത്തി ചമ്പാരനോട് വിട പറഞ്ഞ അദ്ദേഹം, **"സ്വരാജ് എന്ന നമ്മുടെ സ്വപ്നം യാഥാർത്ഥ്യമാകണമെങ്കിൽ ഇതുപോലുള്ള തൊഴിലാളികളെയും, പാവപ്പെട്ടവരെയും ചൂഷണത്തിൽ നിന്നും മുക്തമാക്കാൻ നമുക്ക് കഴിയണം. അതിനായി പ്രവർത്തിക്കണം"**. അസനിഗ്ധമായി ഗാന്ധിജി അഭിപ്രായപ്പെട്ടു. ഈ വാക്കുകൾ ഇന്നും അന്വർത്ഥമാണ്. അനശ്വരമാണ്.

ഇന്ത്യൻ തൊഴിലാളി പ്രസ്ഥാനത്തിന്റെ പിതാവായ മഹാത്മാ ഗാന്ധിയുടെ പ്രവർത്തനശക്തിയും ആവേശവും നാല് കോടി അംഗ സംഖ്യയുള്ള ഐ.എൻ.റ്റി.യു.സി. യ്ക്ക് ഇന്നും എന്നും പ്രചോദനവും വഴികാട്ടിയുമാണ്. ഇന്ത്യൻ തൊഴിലാളി മോചന ഇതിഹാസ ചരിത്രമാണ് ചമ്പാരൻ സമരം.

******